# കാർഷിക വിജ്ഞാനം ചിറക് വിടർത്തി കിസാൻമേള

കാസർകോട്: കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് കാസർകോട് സിപിസിആർഐയിൽ നടന്ന കാർഷിക ഫല സസ്യ പ്രദർശനം ശ്രദ്ധേയമായി.

സിപിസിആർഐ യും കേരള കാർഷിക ഗവേഷണ കേന്ദ്രവും വികസിപ്പിച്ചെടുത്ത തെങ്ങ് കൃഷിയിലെ നൂതന സാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്ന കിസാൻമേളയിൽ കേരളത്തിന് പുറമേ തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽ നിന്നുള്ള കാർഷിക ഉൽപന്നങ്ങളുമുണ്ടായിരുന്നു.



കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് കാസർകോട് സിപിസിആർഐയിൽ നടന്ന കാർഷിക ഫല സസ്യപ്രദർശനം കേന്ദ്രകൃഷി മന്ത്രി രാധാമോഹൻ സിങ് ഉദ്ഘാടനം ചെയ്യുന്നു

ഏറ്റവും വിലകുറവിൽ നീര പഞ്ചസാര ഉൽപ്പാദിപ്പിച്ച് വിൽക്കുന്ന കാർഷിക നഴ്സറിയിൽ വൻതിരക്കായിരുന്നു. കശുമാങ്ങയില്ലാത്ത സീസണിലും കശുമാങ്ങ രുചി അനുഭവിക്കുന്ന കശുമാങ്ങ സ്ക്വാഷും മാമ്പഴക്കാലം ഓർമ്മിപ്പിക്കുന്ന മാമ്പഴ ഉൽപന്നങ്ങളും ചക്കയുടെ വൈവിധ്യമാർന്ന ഉൽപന്നങ്ങളും മേളയുടെ ആകർഷണമാണ്.

വിശാലമായ പുഷ്പ പ്രദർശനവും വിൽപനയും മേളയിൽ ഒരുക്കിയിരുന്നു. ഉദ്ഘാടന ദിവസം തന്നെ ആയിരങ്ങളാണ് മേളയിൽ പങ്കെടുത്തത്. മേള കേന്ദ്രകൃഷി മന്ത്രി രാധാമോഹൻ സിങ് ഉദ്ഘാടനം ചെയ്തു. പി കരുണാകരൻ എംപി അധ്യക്ഷത വഹിച്ചു.